# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2020 ജൂലൈ 2

# വാർത്താക്കുറിപ്പ്

---

## പ്രാക്ടിക്കൽ/വൈവാവോസി

ആറാം സെമസ്റ്റർ ബി.എസ്‌സി. ബോട്ടണി സപ്ലിമെന്ററി (2013-2016 അഡ്മിഷൻ സി.ബി.സി.എസ്.എസ്.) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ/പ്രൊജക്ട്/വൈവാവോസി എന്നിവ ജൂലൈ ഏഴ്, എട്ട്, ഒൻപത് തീയതികളിൽ കോട്ടയം ബസേലിയസ് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/679/2020)

2020 ജനുവരിയിൽ നടന്ന പത്താം സെമസ്റ്റർ ബി.ആർക് (സപ്ലിമെന്ററി) പരീക്ഷയുടെ തിസിസ് മൂല്യനിർണയവും വൈവാവോസിയും ജൂലൈ എട്ടിന് നടക്കും. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ രാവിലെ 9.30ന് എത്തണം. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/680/2020)

## പ്രൊജക്ട് അസിസ്റ്റന്റ് ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്‌മെന്റ് സ്റ്റഡീസിൽ പ്രൊജക്ട് അസിസ്റ്റന്റിന്റെ താൽക്കാലിക ഒഴിവിലേക്ക് അപേക്ഷിക്കാം. കേരളത്തിലെ പരമ്പരാഗത മത്സ്യബന്ധന രീതികളെക്കുറിച്ചുള്ള ഡോക്യുമെന്ററി ചിത്രം 'കൈവിരൽത്തുമ്പിൽ കണ്ണുള്ളവർ' എന്ന പ്രൊജക്ടിലേക്കാണ് അസിസ്റ്റന്റിനെ നിയോഗിക്കുക. മാസം 14000 രൂപ ലഭിക്കും. ആറുമാസമാണ് കാലാവധി. യോഗ്യത: ബിരുദം, ഓഫീസ് ഫയലുകൾ കൈകാര്യം ചെയ്യാനും കമ്പ്യൂട്ടറിലുമുള്ള അറിവ്, ഗാന്ധിയൻ സ്റ്റഡീസ്/ഡെവലപ്‌മെന്റ് സ്റ്റഡീസിൽ എം.എ. (അവസാനവർഷ വിദ്യാർഥികൾക്കും അപേക്ഷിക്കാം). വിവരശേഖരണം, ഡേറ്റാ എൻട്രി, ടാബുലേഷൻ, പ്രോസസിംഗ്, എം.എസ്. ഓഫീസ് എന്നിവയിലുള്ള അറിവും റിപ്പോർട്ടും തീരമേഖലയിൽ ഫീൽഡ് പഠനം നടത്തി പരിചയവും അഭികാമ്യം. അപേക്ഷകൾ ജൂലൈ എട്ടിന് മുമ്പായി sasi.manjusha3@gmail.com എന്ന ഇമെയിൽ വിലാസത്തിൽ നൽകണം. വിശദവിവരത്തിന് ഫോൺ: 9447887321.

(പി.ആർ.ഒ/39/681/2020)

## ജെ.ആർ.എഫ്. ഒഴിവ്

കോട്ടയം തലപ്പാടി അന്തർ സർവകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ ജൂനിയർ റിസർച്ച് ഫെലോയെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരം www.iucbr.ac.in എന്ന വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/682/2020)

## സെനറ്റ് തെരഞ്ഞെടുപ്പ്; വോട്ടർ പട്ടിക എട്ടിന്

മഹാത്മാഗാന്ധി സർവകലാശാല വിദ്യാർഥി ജനറൽ കൗൺസിലിൽ നിന്ന് സെനറ്റിലേക്കും സ്റ്റുഡന്റ്‌സ് കൗൺസിലിലേക്കുമുള്ള വിദ്യാർഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പിന് നടപടിക്രമങ്ങൾ ആരംഭിച്ചു. വോട്ടർ പട്ടിക ജൂലൈ എട്ടിന് പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ/39/683/2020)

REPEATED NEWS

## കോവിഡ് 19: എം.ജി. തലപ്പാടി ഗവേഷണകേന്ദ്രത്തിൽ പരിശോധിച്ചത് 13000 സാമ്പിളുകൾ

മഹാത്മാഗാന്ധി സർവകലാശാലയുടെ തലപ്പാടി അന്തർ സർവകലാശാല സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ വൈറസ് റിസർച്ച് സെന്ററിൽ കോവിഡ് 19 സ്ഥിരീകരിക്കുന്നതിനായി പരിശോധിച്ചത് 13000 സാമ്പിളുകൾ. മാർച്ച് 27 മുതലാണ് പരിശോധനകൾ തുടങ്ങിയത്. ഇടുക്കി, കോട്ടയം ജില്ലകളിലെ രോഗികളുടെ സ്രവ സാമ്പിൾ പരിശോധനയാണ് ക്യൂ-ആർ.ടി.പി.സി.ആർ. ടെസ്റ്റിലൂടെ നടത്തുന്നത്. ദിവസം 475 സാമ്പിളുകളാണ് ലാബിൽ പരിശോധിക്കുന്നത്. ഇടുക്കിയിൽ നിന്നുള്ള സാമ്പിളുകളും കോട്ടയത്തെ ചങ്ങനാശേരി, വൈക്കം, പാലാ, കാഞ്ഞിരപ്പള്ളി, കോട്ടയം ജില്ലാ ജനറൽ ആശുപത്രി, ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിന്നുള്ള സാമ്പിളുകൾ റിസർച്ച് അസോസിയേറ്റുകളുടെയും ലാബ് ടെക്‌നീഷ്യന്മാരുടെയും ഗവേഷക വിദ്യാർഥികളുടെയും നേതൃത്വത്തിലാണ് പരിശോധിക്കുന്നത്. റിസർച്ച് സെന്ററിലെ ജീവനക്കാർക്ക് പുറമെ 14 ലാബ് ജീവനക്കാരെക്കൂടി സംസ്ഥാന സർക്കാർ ആരോഗ്യകേരളം പദ്ധതിയിലൂടെ അനുവദിച്ചിട്ടുണ്ട്. 10 ലാബ് ജീവനക്കാരുടെകൂടി സേവനം ലഭ്യമായാൽ ദിവസം ശരാശരി 600 സ്രവ സാമ്പിളുകൾ വരെ പരിശോധിച്ച് 24 മണിക്കൂറിനുള്ളിൽ ഫലം നൽകാൻ കഴിയുമെന്ന് ഡയറക്ടർ ഡോ. കെ.പി. മോഹനകുമാർ പറഞ്ഞു.

### ഫോട്ടോ ക്യാപ്ഷൻ

**എം.ജി. സർവകലാശാല തലപ്പാടി അന്തർ സർവകലാശാല സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ വൈറസ് റിസർച്ച് സെന്ററിൽ കോവിഡ് 19 സ്രവ സാമ്പിളുകൾ പരിശോധിക്കുന്ന ജീവനക്കാർ**

## പ്രൊഫ. എം.കെ. സാനു എം.ജി. സർവകലാശാല കുര്യാക്കോസ് ഏലിയാസ് ചാവറ ചെയർ അധ്യക്ഷൻ

മഹാത്മാഗാന്ധി സർവകലാശാലയിലെ കുര്യാക്കോസ് ഏലിയാസ് ചാവറ പഠനപീഠത്തിന്റെ അധ്യക്ഷനായി സാഹിത്യ വിമർശകനും അധ്യാപകനും വാഗ്മിയും എഴുത്തുകാരനുമായ പ്രൊഫ. എം.കെ. സാനുവിനെ നാമനിർദ്ദേശം ചെയ്തതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അറിയിച്ചു. വിമർശനം, വ്യാഖ്യാനം, ബാലസാഹിത്യം, ജീവചരിത്രം തുടങ്ങി വിവിധ സാഹിത്യശാഖകളിലായി നാല്പതോളം കൃതികളുടെ കർത്താവാണ് പ്രൊഫ. എം.കെ. സാനു. എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, കേരള - കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരസ്കാരമടക്കം നേടിയിട്ടുണ്ട്. പ്രൊഫ. എം.കെ. സാനുവിന്റെ സാന്നിധ്യം അക്കാദമികരംഗത്ത് സർവകലാശാലയുടെ കുതിപ്പിന് സഹായമേകുമെന്ന് വൈസ് ചാൻസലർ പറഞ്ഞു.

കുര്യാക്കോസ് ഏലിയാസ് ചാവറ 1844-46 കാലയളവിൽ പ്രിന്റിംഗ് പ്രസ്സും പ്രസിദ്ധീകരണശാലയും സംസ്കൃത വിദ്യാലയവും സ്ഥാപിക്കുകയും പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന ആശയം നടപ്പിലാക്കുകയും ചെയ്തു. ഖണ്ഡകാവ്യമായ 'അനസ്ത്യാസ്യയുടെ രക്തസാക്ഷ്യം', ഭാഷനാടകമായ 'ഇടയനാടകം' എന്നിങ്ങനെ സാഹിത്യസംഭാവനകളും അദ്ദേഹത്തിന്റേതായുണ്ട്.

പഠനപീഠത്തിന്റെ കോ-ഓർഡിനേറ്ററായി സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകനായ ഡോ. എസ്. ഹരികുമാറിനെ നിയോഗിച്ചു.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ